**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2097** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗക്ലിനിക്ക് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ഒ . ആർ. കേളു | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലി അസുഖങ്ങൾ സൃഷ്ടിക്കുന്ന അപായത്തിന്റെ വ്യാപ്തി കോവിഡ് കാലത്ത് തുറന്നുകാട്ടപ്പെട്ടതിനാൽ സംസ്ഥാനത്ത് അവ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തുമോ; | (എ) | ജീവിത ശൈലി രോഗങ്ങൾ ഉള്ളവരിൽ കോവിഡ് രോഗ തീവ്രതയും മരണവും കൂടുതലായി കാണപ്പെട്ടതിനാൽ ഇത് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള ബോധവൽക്കരണവും ഊർജ്ജിതമായി നിരന്തരമായി നടക്കുന്നു. ജീവിതശൈലീരോഗങ്ങൾ ഉയർത്തുന്ന വലിയ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കി വരുന്നു. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരേയും ജീവിതശൈലീരോഗങ്ങൾക്കായി പരിശോധിക്കുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങൾ ഗുരുതരാവസ്ഥയിലേക്ക് മൂർച്ഛിക്കുന്നത് തടയുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാണ്. ജീവിത ശൈലീ രോഗ നിയന്ത്രണത്തിനായി ഭാരതീയ ചികിത്സാ വകുപ്പ്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജീവനി പദ്ധതിയും, യോഗ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ടൈപ്പ്-2 പ്രമേഹ രോഗ നിയന്ത്രണമാണ് ജീവനി പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് ജീവനി പദ്ധതി നടപ്പിലാക്കുന്നത്. ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനി പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനു ശ്രമം നടത്തി വരുന്നു. യോഗ പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് വെൽനസ് സെന്റർ, ആയുഷ് ഗ്രാമം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നടത്താനും വീട്ടിലെത്തി വയോജനങ്ങളുടെ വിവരാന്വേഷണം നടത്താനും പദ്ധതി തയ്യാറാക്കുന്നുണ്ടോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടു കൂടി ജീവിത ശൈലി നിയന്ത്രണത്തിനായുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ആരോഗ്യ പ്രവർത്തകർ വയോജനങ്ങളുടെ വിവരാന്വേഷണം നടത്താൻ ഭവന സന്ദർശനം നടത്തി വരുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലൂടെ ആയുർവേദ പാലിയേറ്റീവ് ചികിത്സാ പദ്ധതിയായ 'സ്നേഹധാര' നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നടത്തുകയും വീട്ടിലെത്തി വയോജനങ്ങളുടെ വിവരാന്വേഷണം നടത്തുകയും ചെയ്യുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത വൃദ്ധ സദനങ്ങളിൽ 'വയോ അമൃതം' പദ്ധതി നടപ്പിലാക്കുന്നു. വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നാഷണൽ ആയുഷ് മിഷന്റെ 'ആയുഷ് ഗ്രാമം' പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്. |
| (സി) | കുടുംബക്ഷേമ കേന്ദ്രങ്ങളെ വെൽനെസ് സെന്ററുകളായി ഉയർത്തി ജീവിതശൈലി രോഗക്ലിനിക്ക് സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ? | (സി) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ജീവിതശൈലീരോഗ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് വെൽനസ് സെന്റർ, ആയുഷ് ഗ്രാമം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ